LIBRARY ARCHIVES Kerala Legislative Assembly

മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

189 (200) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആധുനിക രീതിയിലുള്ള ഒരു ആംബുലൻസ് വാങ്ങാൻ എം.എൽ.എ. ഫണ്ടിൽനിന്ന് തുക അനുവദിച്ച നടപടിക്ക് ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലാ കളക്ടറുടെ 01-08-2020-ലെ DCTSR/12786/19-FN 8 നമ്പർ ഉത്തരവ് പ്രകാരം 23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആംബുലൻസ് ഈ കോവിഡ്-19 കാലഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

&

(സി) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അടിയന്തരമായി ആംബുലൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

എം.എൽ.എ. ഫണ്ട് മുഖേന ആശുപത്രിയിലേയ്ക്ക് വാങ്ങുന്ന ആംബുലൻസുകൾ വാങ്ങുന്നതിന് മുന്നോടിയായി സ്ഥാപന അധികാരി GEM മുഖേന നടപടി സ്വീകരിക്കുകയും ടി വിശദാംശങ്ങൾ ഉൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന പ്രൊപ്പോസൽ നൽകി സർക്കാർ അനുമതി നൽകിയാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തുവരുന്നത്. പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യമേഖലയിൽ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾ

190 (201) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ ആരോഗ്യ സൂചികയിൽ നമ്മുടെ സംസ്ഥാനത്തിന് 22 മാനദണ്ഡങ്ങളിലും ഒന്നാമതെത്തുന്നതിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ആരോഗ്യ സൂചികയിൽ 14 മാനദണ്ഡങ്ങളിൽ കേരളം ഒന്നാമത് എത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതു സർക്കാർ ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആരോഗ്യവകുപ്പിന് കീഴിൽ നിലവിൽ 119 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. (ജില്ലാ ആശുപത്രികൾ - 3, താലൂക്ക് ആശുപത്രികൾ - 4, സി.എച്ച്.സി.- 7, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ-28, എഫ്.എച്ച്.സി. -77)

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള നൂതന പദ്ധതികൾക്ക് പുറമേ മോളിക്യുലാർ ഡയഗ്നോസ്റ്റിക് സെന്ററിനുവേണ്ടിയും അപ്പക്സ് ട്രോമാ ആന്റ് എമർജൻസി ലേണിംഗ് സെന്ററിനുവേണ്ടിയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗീസൗഹൃദ ചുറ്റുപാട് സൃഷ്ടിക്കാൻ വേണ്ടിയുള്ള ആർദ്രം, ഇ-ഹെൽത്ത് പദ്ധതിയുൾപ്പെടെയുള്ള നടപടികളും പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഇതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റുകളും ട്രോമ കെയർ യൂണിറ്റുകളും സജ്ജമാക്കിവരുന്നു. കാൻസർ വിഭാഗത്തെ ടെർഷ്യറി കാൻസർ കെയർ സെന്ററുകളായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.